**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ കിൻഫ്ര പാർക്കിനുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ചെണ്ടയാട് നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 506 ഏക്കർ ഭൂമി കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്താനാവാതെ ഉടമകൾ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിൽ ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 204.8739 ഹെക്ടർ സ്ഥലം കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഏറ്റെടുക്കൽ നടപടിയിലാണ്. 2013 ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act-ലെ സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച ഭൂമിയിൽ ക്രയവിക്രയങ്ങൾ നടത്തുന്നതിന് നിയമാനുസരണം സാധിക്കുകയില്ല. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) | 14.06.2021 ലെ സ.ഉ. (അച്ചടി) 65/2021/റവ പ്രകാരം 2013 ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act-ലെ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>02-09-2023 ലെ സ.ഉ(അച്ചടി) നമ്പർ 213/2023/റവ പ്രകാരം 2013 ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act-ലെ സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനത്തിന്റെ കാലാവധി 14.06.2024 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇല്ല |
| (ഡി) | സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ പൊന്നുംവില തഹസിൽദാരുടെയും റവന്യൂ അധികാരികളുടെയും നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ